മു
ദ്ര
ക
ൾ

# ആസ്തിയേക്കാൾ വലിയ കടഭാരം

**പീറ്റർ** ജി. പീറ്റേഴ്സൺ ഫൗണ്ടേഷൻ കഴിഞ്ഞ ഡിസംബറിൽ ഒരു പത്രക്കുറിപ്പിറക്കി. അമേരിക്ക പാപ്പറായിരിക്കുന്നു എന്നാണ് അതിന്റെ തലവാചകം. ഗവൺമെന്റ് മാത്രമല്ല, മുഴുവൻ അമേരിക്കയും അതിൽ ജീവിക്കുന്ന എല്ലാ മനുഷ്യരും. ഫെഡറൽ റിസർവ് ബാങ്കിന്റെ കണക്കുകളെയാണ് പി.ജി.പിക്കാർ കൂട്ടുപിടിച്ചിരിക്കുന്നത്. അതുപ്രകാരം അമേരിക്കക്കാരുടെ മൊത്തം ആസ്തി മൂല്യം 56.5 ട്രില്യൻ ഡോളർ. അമേരിക്കയുടെ കടബാധ്യത (പൊതുമേഖലയും സ്വകാര്യ മേഖലയും ഉൾപ്പെടെ)56.4 ട്രില്യൻ ഡോളർ. 2008 ഡിസംബർ മുപ്പതിനു ശേഷം റിയൽ എസ്റ്റേറ്റിലും സ്റ്റോക്ക് മാർക്കറ്റിലും ഉണ്ടായ നഷ്ടങ്ങൾ ഇതിൽ പെടില്ല. അതിനർഥം അമേരിക്കയുടെ മൊത്തം ആസ്തി മൂല്യത്തേക്കാൾ



*ലാറി സമ്മേഴ്സ്*

അവർക്ക് കടബാധ്യതയുണ്ട് എന്നാണ്.


ഈ കണക്കുകൾ ഉദ്ധരിച്ചാണ് മൈക്കൽ കിൻസ്‌ലി തന്റെ ലേഖനം തുടങ്ങുന്നത് (*ടൈം* 2009 ഫെബ്രുവരി 9). കാളരാത്രികൾക്കായി കാത്തിരുന്നോളൂ എന്ന് നിസ്സഹായനായി വിലപിക്കാനേ അദ്ദേഹത്തിന് കഴിയുന്നുള്ളൂ. *ടൈമി*ന്റെ ഇതേ ലക്കത്തിൽ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ധനകാര്യ ഉപദേഷ്ടാവ് ലാറി സമ്മേഴ്സിനെക്കുറിച്ച് ഒരു മുഴുനീള ലേഖനമുണ്ട്. 25 വർഷമായി ബിൽ ക്ലിന്റൻ അടക്കമുള്ള പ്രസിഡന്റുമാരുടെ സമർഥനായ ഉപദേശകനായിരുന്നു എന്ന് വാഴ്ത്തുകയല്ലാതെ, പ്രതിസന്ധിയിൽനിന്ന് കരകയറാൻ എന്ത് പദ്ധതിയാണ് സമ്മേഴ്സ് മുന്നോട്ടു വെക്കുന്നതെന്ന് ലേഖനത്തിൽ ഒരിടത്തും പറയുന്നില്ല. ഒരാഴ്ചയായി ഒബാമയെ പിന്തുടരുന്ന താൻ അദ്ദേഹം ചിരിക്കുന്നതായി കണ്ടില്ല എന്ന ജോ കെയ്നിന്റെ പരാമർശം (അതേ ലക്കം) പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തുന്നു. ■

# ഇബ്നു ബത്വൂത്തയുടെ കാൽപ്പാടുകളിലൂടെ മക്കയിലേക്ക്

**മാർക്കോ** പോളോയേക്കാൾ മൂന്നിരട്ടി യാത്ര ചെയ്തിട്ടുണ്ട് പതിനാലാം നൂറ്റാണ്ടിലെ മൊറോക്കൻ സഞ്ചാരിയായ ഇബ്നു ബത്വൂത്ത. ആ യാത്രകളിൽ ഏറ്റവും അപകടം പിടിച്ച ഒന്നായിരുന്നു ടാൻഞ്ചീറിൽനിന്ന് മക്കയിലേക്കുള്ള ഹജ്ജ് യാത്ര. ഇതിന്റെ ചലച്ചിത്രാവിഷ്കാരമാണ് കോസ്മിക് പിക്ചർ കഴിഞ്ഞ മാസം പ്രദർശനത്തിനെത്തിച്ച Journey to Mecca. ഇമാക്സ് ഫോർമാറ്റിൽ കൂറ്റൻ സ്ക്രീനിൽ പ്രദർശിപ്പിക്കാൻ പറ്റുന്ന വിധത്തിലാണ് സിനിമയുടെ നിർമാണം. നാല് വർഷത്തെ കഠിനാധ്വാനത്തിലൂടെയാണ് സിനിമ നിർമിച്ചതെന്ന് അതിന്റെ ശിൽപി ഡൊമിനിക് കണ്ണിംഗ് ഹാം റെയ്ഡ് പറഞ്ഞു. മക്കയിൽ ഹജ്ജ് സീസണിൽ ഷൂട്ട് ചെയ്ത ചിത്രം എന്ന പ്രത്യേകതയും ഇതിനുണ്ട്.

കഥാ ചിത്രത്തിന്റെ ഘടനയിലാണ് സിനിമയെങ്കിലും, സമകാലിക ഹജ്ജ് സന്ദർഭങ്ങളെ അടുത്തുനിന്ന് ഒപ്പിയെടുക്കുക കൂടി ചെയ്യുന്നുണ്ട് അത്. ഹറമിന്റെ 200 അടി മുകളിൽ ഹെലികോപ്റ്ററിൽ പറന്ന് കാമറ പകർത്തിയ അപൂർവ ദൃശ്യങ്ങളാണ് ഇതിനെ വ്യത്യസ്തമാക്കുന്നത്. ആദ്യമായാണ് ഇങ്ങനെ കാമറ ഉപയോഗിക്കാൻ അനുവാദം കിട്ടുന്നത്. "പതിനാലാം നൂറ്റാണ്ടിലെ ഒരു കഥയെ സമകാലിക മക്കയുമായി ബന്ധിപ്പിച്ച് ഭൂതത്തെയും വർത്തമാനത്തെയും ചേർത്തുവെക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്"- ഡൊമിനിക് റെയ്ഡ് പറഞ്ഞു.

ചെംസ് എഡ്ഡിൻ സിനൺ എന്ന പുതുമുഖ




താരമാണ് ഇബ്നു ബത്വൂത്തയായി വേഷമിടുന്നത്. മറ്റുള്ളവരും പുതുമുഖങ്ങൾതന്നെ. സിനിമാ താരങ്ങളെ അണിനിരത്തുന്നതിൽ ഒരു പ്രസക്തിയുമില്ലെന്നാണ് നിർമാതാക്കളുടെ അഭിപ്രായം. "കഥയാണ് ചിത്രത്തിന്റെ മുഖ്യ ഘടകം. താരങ്ങളെ അണിനിരത്തിയാൽ പ്രേക്ഷക ശ്രദ്ധ അവരിലേക്ക് പോകും. ഞാനും നിങ്ങളുമാണ് ഇബ്നു ബത്വൂത്ത. അതിനൊരു സിനിമാ താരത്തിന്റെ ആവശ്യമില്ല"- നിർമാതാക്കളിൽ ഒരാളായ ഡേവീസ് പറഞ്ഞു. പ്രശസ്ത നടൻ ബെൻകിംഗ്സ്‌ലിയാണ് നരേഷൻ.

മുപ്പത് രാജ്യങ്ങളിൽനിന്നുള്ള 85 പേരടങ്ങുന്ന ടീമാണ് ഇതിന്റെ അണിയറയിൽ. യു.എ.ഇ, സുഊദി അറേബ്യ, പാരിസ്, ടൊറോന്റോ എന്നിവിടങ്ങളിൽ ഇത് പ്രദർശനത്തിനെത്തിയിട്ടുണ്ട്. ■



■

മുദ്രകൾ

# ഇവരാണോ സ്വദേശി സംസ്കാരത്തിന്റെ സംരക്ഷകർ?




**തെരഞ്ഞെടുപ്പാണ്** വരുന്നത്. ജനങ്ങളെ കൈയിലെടുക്കാൻ സകല സൂത്രങ്ങളും കുതന്ത്രങ്ങളും പ്രയോഗിക്കാനുള്ള സമയമായി. രാഷ്ട്രീയ പാർട്ടികൾ ഓരോന്നും ഇക്കാര്യത്തിൽ ഒന്നിനൊന്ന് മെച്ചം. സംഘ്പരിവാറിന്റെ മാത്രം കാര്യമെടുക്കാം. വികസനത്തിന്റെ അപ്പോസ്തലനായി എഴുന്നള്ളിച്ചുകൊണ്ട് നടക്കുകയാണല്ലോ ഇപ്പോൾ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്രമോഡിയെ. ഗുജറാത്ത് വംശഹത്യയുടെ ചോരക്കറ മറച്ചുപിടിക്കാൻ മോഡി ആസൂത്രണം ചെയ്യുന്ന ഒരു പാവകളി മാത്രമാണിത്. വികസനവും മോഡിയും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. 1994-95 കാലത്ത് ഗുജറാത്തിലെ വളർച്ചാനിരക്ക് 13.2 ശതമാനം ആയിരുന്നു. രാജ്യത്തിന്റെ മൊത്തം വളർച്ചാ നിരക്ക് ഇതിന്റെ പകുതി മാത്രവും. അന്ന് ബി.ജെ.പിയോ മോഡിയോ അവിടെ അധികാരത്തിലില്ല. മോഡി അധികാരത്തിലെത്തിയ ശേഷം വളർച്ചാനിരക്ക് 12 ശതമാനത്തേക്കാൾ താഴുകയാണുണ്ടായത്. അപ്പോൾ രാജ്യത്തിന്റെ വളർച്ചാ നിരക്ക് പത്തു ശതമാനത്തോളം എത്തിയിരുന്നു എന്നും ഓർക്കണം. ഈ സത്യങ്ങളെല്ലാം മറച്ചുവെച്ചുകൊണ്ടാണ് കുത്തക മുതലാളിമാർ തങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കുവേണ്ടി മോഡിയെ പൊക്കിക്കാട്ടുന്നത്.

ഇതുതന്നെയാണ് കർണാടകയിലെ 'താലിബാനിസ'ത്തിലും കാണുന്നത്. നിശാ ക്ലബ്ബുകളിലും വാലന്റൈൻസ് ദിനത്തിലും സംഘ്ഗ്രൂപ്പുകൾ അഴിഞ്ഞാടി. ഇന്ത്യൻ സംസ്കാരത്തിന്റെ സംരക്ഷകരാണ് തങ്ങളെന്ന വീരവാദവും. മദ്യമൊഴുകുന്ന നിശാക്ലബ്ബുകൾ യഥേഷ്ടം തുറക്കാൻ അനുമതി കൊടുക്കുന്ന സ്വന്തം മുഖ്യമന്ത്രിയുടെ ഓഫീസിലേക്കല്ലേ ശ്രീരാം സേനക്കാർ ഓടിച്ചെല്ലേണ്ടിയിരുന്നത്? കർണാടകയിലെ ഏറ്റവും വലിയ അബ്കാരി മുതലാളി വിജയ് മല്ല്യയെ രാജ്യസഭയിലേക്ക് അയച്ചത് ബി.ജെ.പിയുടെ കൂടി പിന്തുണയോടെയല്ലേ? മുൻ രാജസ്ഥാൻ മുഖ്യമന്ത്രി വസുന്ധരരാജെ ഫാഷൻ പരേഡിൽ 'റാംപി'ൽ നടന്നതും സ്വദേശി സംസ്കാരമാണോ?

ഇനി ബി.ജെ.പി പിന്തുണയോടെ ഭരിക്കുന്ന ബീഹാറിലെ നിതീഷ് കുമാർ ഒപ്പിക്കുന്ന വേലത്തരങ്ങൾ കാണണം. അവിടെ കള്ളുഷാപ്പുകൾ ഇരട്ടിയായി വർധിപ്പിക്കാനാണ് തീരുമാനം. അതായത് മദ്യവരുമാനം 300 കോടിയിൽനിന്ന് 700 കോടിയാക്കി ഉയർത്തുക. അവിടത്തെ എക്സൈസ് മന്ത്രി ആരെന്നറിയേണ്ടേ? സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ കൂടിയായ ജാംഷെദ് അശ്റഫ്! എക്സൈസ് സെക്രട്ടറി സമൃദ്ധമായി താടിയുള്ള തബ്ലീഗ് ജമാഅത്ത് അനുഭാവിയായ ആമിർ സുബ്ഹാനി! ഈ കാട്ടിക്കൂട്ടലുകൾ കണ്ട് ആരെങ്കിലും ത്രില്ലടിക്കുന്നുണ്ടെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് സുറൂർ അഹ്മദ് (*റേഡിയൻസ്* വാരിക, 2009 ഫെബ്രുവരി 8-14). ■

## പഠനാർഹമായ ഇ - പുസ്തകങ്ങൾ

**ഇസ്‌ലാമിന്റെ** മൂലപ്രമാണങ്ങളും മാനവികതലങ്ങളും വിവിധ വീക്ഷണങ്ങൾ തമ്മിലുള്ള ആദർശ സംവാദങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് ഡസനിലേറെ പുസ്തകങ്ങൾ ജമാഅത്ത് സൈറ്റിൽ ഉൾപ്പെടുത്തി. സൈറ്റിന്റെ ഹോം പേജിൽ ക്രമീകരിച്ച ഇ ലൈബ്രറി ബട്ടണിൽ ക്ലിക്ക് ചെയ്ത് പുസ്തകങ്ങളിലൂടെ നേവിഗേഷൻ നടത്താവുന്നതാണ്. ഖുർആൻ, ഹദീസ്, പ്രവാചക ചരിത്രം, ദൈവം, മതം, വേദം, പരലോകം, വിഗ്രഹാരാധന, പുനർജന്മം, അദ്വൈതം, ദൈവാവതാരം, പരിണാമ സിദ്ധാന്തം, വിധിവിശ്വാസം, സ്ത്രീ പുരുഷ സമത്വം തുടങ്ങി ഒട്ടേറെ വിഷയങ്ങളിലുള്ള മലയാള പുസ്തകങ്ങൾ ഇവിടെ ക്രമീകരിച്ചിരിക്കുന്നു. ഡൗൺലോഡ് ചെയ്യാം. ■

**www.jihkerala.org**